# കരീംമാഷിന് പിറന്നാൾസമ്മാനം

മാധ്യമം 2·5-95

**നാസറുദ്ദീൻ എളമരം**



ചരിത്ര-സാഹിത്യ രംഗത്ത് അർപ്പിച്ച സേവനങ്ങൾ വിലയിരുത്തിയാൽ ഇന്ത്യക്ക് പുറത്തും പ്രശസ്തമാവേണ്ടിയിരുന്ന, എന്നാൽ, അധികം അറിയപ്പെടാൻ ഇഷ്ടപ്പെടാത്ത ഒരു അപൂർവ വ്യക്തിത്വം ഇന്ന് ആദരിക്കപ്പെടുകയാണ്. പേരും പെരുമയും ആഗ്രഹിക്കാതെ കൈരളിക്ക് 75-ൽപരം വിലപ്പെട്ട കൃതികൾ നൽകിയ കെ.കെ. മുഹമ്മദ് അബ്ദുൽ കരീം എന്ന കരീംമാഷെ ഏറെ വൈകിയാണെങ്കിലും അർഹമായ ഒരംഗീകാരം തേടിയെത്തിയിരിക്കുന്നു. റിയാദിലെ ബ്രദേഴ്സ് ഇന്ത്യാ ഫൗണ്ടേഷനാണ് ഇത് നൽകുന്നത്. മുസ്‌ലിം പാരമ്പര്യത്തിനും ചരിത്രത്തിനും നൽകിയ അതുല്യ സംഭാവനകൾ പരിഗണിച്ചാണിത്.

മുസ്‌ലിം സംസ്സാരം, പാരമ്പര്യം എന്നിവയിൽ കെ.കെ.യുടെ അവഗാഹം അപാരമാണ്. ചരിത്രവും ജീവചരിത്രവും മതവും തത്ത്വശാസ്ത്രവും നോവലും കഥയും പ്രബന്ധവും ഹാസ്യകഥയും നാടകങ്ങളും കെ.കെ.യുടെ രചനാ വിഷയങ്ങളായിരുന്നു.

അക്കാദമിക വിദ്യാഭ്യാസമധികമില്ലാത്ത കെ.കെ. ആദരണീയനായ ഒരു ചരിത്രപണ്ഡിതനാണ്. ചെറുപ്പം മുതൽ തന്നെ ചരിത്രാന്വേഷണം ആരംഭിച്ചു. അറുപത്തിമൂന്നാം വയസ്സിലും ഇന്നുമത് തുടരുന്നു.

എഴുപത്തിയഞ്ചിൽപ്പരം പുസ്തകങ്ങൾ എഴുതിയെങ്കിലും പുരസ്കാരങ്ങൾ പോയിട്ട് പലതിനും പ്രതിഫലം പോലും ലഭിച്ചില്ല.

കൊണ്ടോട്ടിക്കടുത്ത കൊളത്തൂരിൽ 1932 ജൂൺ ഒന്നിന് പിറന്ന കെ.കെ.യുടെ പിതാവ് കീടക്കാട് കാവുങ്ങലക്കണ്ടിയിൽ വീരാൻകുട്ടി മുസ്‌ലിയാർ മാപ്പിള കവിയും ഖിലാഫത്ത് പ്രസ്ഥാന പ്രവർത്തകനുമായിരുന്നു. കീടക്കാട്ട് തെക്കെ വീട്ടിൽ ഫാത്തിമയായിരുന്നു മാതാവ്.

വിദ്യാർഥിയായിരിക്കെ പ്രസംഗ മത്സരങ്ങൾക്കും പ്രബന്ധ രചനകൾക്കും സമ്മാനങ്ങൾ നേടിയ കെ.കെ.ക്ക് മുഹമ്മദ് അമാനി കാസിം, സി.എച്ച്. മുഹമ്മദ്കോയ, എസ്.എം. സർവർ തുടങ്ങിയവരുടെ പ്രോത്സാഹനങ്ങൾ ലഭിച്ചിട്ടുണ്ട്. (സി.എച്ചിന്റെ ആവശ്യപ്രകാരമായിരുന്നുവത്രെ കെ.കെ. കോഴിക്കോടിന്റെ ചരിത്രമെഴുതിയത്. നബിയും സഹാബിമാരും എന്ന സി.എച്ചിന്റെ പുസ്തകം എഴുതി തീർന്നപ്പോൾ എഡിറ്റ് ചെയ്യാനും തെറ്റ് തിരുത്താനും കരീം മാഷാണ് നിയോഗിക്കപ്പെട്ടത്.)

ഫിഫ്ത്ത് ഫോറത്തിനുശേഷം ദർസിലും അറബി കോളേജിലും പഠനം നടത്തി സ്വപ്രയത്നത്തിലൂടെ അധ്യാപക പരിശീലനം പൂർത്തിയാക്കിയ കെ.കെ. ഹെഡ്മാസ്റ്ററായാണ് സർവീസിൽനിന്ന് വിരമിച്ചത്.

അറബി മലയാളത്തിൽ രചനകൾ നടത്തിയവരിൽ പ്രമുഖനാണ്. മക്തി തങ്ങളുടെ കൃതികൾ മുഴുവൻ സമ്പാദിക്കാൻ അദ്ദേഹം 20 വർഷം ചെലവിട്ടു. ഫത്ഹുൽ ബയാൻ ഫീ സീറത്തിന്നബിയ്യിൽ അൽ അമീൻ എന്ന പുസ്തകം അറബിമലയാളത്തിൽ രണ്ടു വാല്യങ്ങളിലായി ഇറക്കി. *ഖാജാ മുഈനുദ്ദീൻ ചിശ്തിയാണ്* ആദ്യ മലയാള ഗ്രന്ഥം. *ലൈലാ മജ്നൂൻ, രാജ്ഞി നൂർജഹാൻ, സിൻദ്ബാദിന്റെ കപ്പൽയാത്ര* (നോവലുകൾ) *മങ്ങാട്ടച്ചനും കുഞ്ഞായിൻമുസ്‌ലിയാരും* (ഫലിതം) *ഖാജാ മുഈനുദ്ദീൻ, ചിശ്തി, വിശുദ്ധ നബിയുടെ സന്താനങ്ങൾ, ഭാരതീയ പ്രവാചകന്മാർ, ഇസ്‌ലാം, ആർഷ സങ്കലിത സംസ്കാരം, ഹസ്രത്ത് ആയിശ, മുസ്‌ലിം നമസ്കാര ക്രമങ്ങൾ, ചേരമാൻ പെരുമാൾ, വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി* എന്നിവ ചില കൃതികൾ മാത്രം.

ഉബൈദ്, ഒ. ആബുസാഹിബ്, പുന്നയൂർകുളം ബാപ്പു എന്നിവർക്ക് ശേഷം മാപ്പിള സാഹിത്യത്തെക്കുറിച്ച് ആധികാരിക വിവരങ്ങൾ നൽകാൻ കഴിയുന്ന അവസാന കണ്ണിയത്രെ കെ.കെ.

ബദർ പടപ്പാട്ട്, മലപ്പുറം പടപ്പാട്ട്, ഹുസനുൽ ജമാൽ, കുഞ്ഞായിൻ മുസ്‌ലിയാരുടെ നൂൽമദ്ഹ്, കപ്പപ്പാട്ട് എന്നിവക്ക് വ്യാഖ്യാനവും ടിപ്പണിയും കെ.കെ. നിർവഹിച്ചിട്ടുണ്ട്. മമ്പുറം തങ്ങന്മാർ, ചാലിലകത്ത് കുഞ്ഞഹമ്മദ് ഹാജി, മോയിൻ കുട്ടി വൈദ്യരുടെ സമ്പൂർണ കൃതികൾക്ക് ടിപ്പണി എഴുതുന്നതും ഇനി പുറത്തിറങ്ങാനുണ്ട്.

പരേതനായ സി.എൻ. അഹ്മദ് മൗലവിയോടൊപ്പം *മഹത്തായ മാപ്പിള സാഹിത്യ പാരമ്പര്യം* തയാറാക്കിയ കെ.കെ. അതിന് അത്യധ്വാനം ചെയ്തിട്ടുണ്ട്. നല്ല ഒരു റഫറൻസ് ഗ്രന്ഥമായ അതിന്റെ മുഖ്യ ശിൽപി, തന്നെ അതിൽ സ്വയം പരിചയപ്പെടുത്തുന്നത് കാണുമ്പോൾ അറിയാം അദ്ദേഹത്തിന്റെ എളിമ.

കേരള സർക്കാർ പ്രസിദ്ധീകരിച്ച എൻസൈക്ലോപീഡിയ ഏഴാം വാല്യത്തിൽ മാപ്പിള സാഹിത്യത്തെക്കുറിച്ച് എഴുതിയ കരീംമാഷ്, ഇസ്‌ലാമിക വിജ്ഞാന കോശങ്ങളിൽ കനപ്പെട്ട സംഭാവനകൾ നൽകിയിട്ടുണ്ട്. *അറബികളുടെ കപ്പലോട്ടം* എന്ന ഗ്രന്ഥം രചിച്ചത് കേരള സാഹിത്യ അക്കാദമിയുടെ ധനസഹായത്തോടെയാണ്.

ചരിത്ര രചനക്കും സംശയ നിവാരണങ്ങൾക്കും നിരവധി പേർ ഇന്നും കരീംമാഷെ ആശ്രയിച്ചുവരുന്നു. *മാപ്പിളാസ് ഓഫ് മലബാർ* എന്ന ഗ്രന്ഥത്തിന്റെ രചനക്ക് അമേരിക്കക്കാരനായ സ്റ്റീവൻ ഫ്രെഡറിക് ഡെയിൽ കരീംമാഷിന്റെ ചരിത്ര ഗ്രന്ഥങ്ങളാണ് താൻ അവലംബിച്ചതെന്ന് കുറിച്ചിട്ടുണ്ട്. റോളണ്ട് മില്ലർ എന്ന അമേരിക്കക്കാരനും *മാപ്പിള മുസ്‌ലിംസ് ഓഫ് മലബാർ* എന്ന പുസ്തക രചനക്ക് കെ.കെ.യുടെ ഗ്രന്ഥങ്ങളെ ആശ്രയിച്ചിട്ടുണ്ട്. വിദേശികൾ മാത്രമല്ല ഇന്ത്യക്കാരും മലയാളികളും അദ്ദേഹത്തെ ആശ്രയിക്കാറുണ്ട്. എന്നാൽ, ഫോട്ടോസ്റ്റാറ്റ് എടുക്കാനായി ചരിത്രരേഖകളുമായി പോയ പലരെയും പത്രത്തിൽ ഡോക്ടറേറ്റ് ലഭിച്ച ചിത്രസഹിതം കാണുമ്പോഴാണ് കെ.കെ. അറിയുന്നത്. വെളിയംകോട് ഉമർ ഖാദിയുടെ ചരിത്രമെഴുതി പ്രസിദ്ധീകരിച്ചപ്പോൾ ഗ്രന്ഥ കർത്താവിന്റെ പേര് ഉൾപ്പെടാതെ പോയതിൽ പോലും സൗമ്യശീലനായ ഈ പണ്ഡിതന് പ്രയാസം തോന്നിയില്ല.

ചരിത്രരചനയിൽ വരുന്ന സംശയ

ങ്ങൾ ഉടനെ ദൂരീകരിക്കാ
ഹം ശ്രമിക്കാറ്. അതിന്
അല്ലെങ്കിൽ വ്യക്തികൾ
നകൾക്കോ സ്ഥാപനങ്ങ
തും. അമേരിക്ക, ഇംഗ്ലണ്ട്,
യൂനിവേഴ്സിറ്റി, റാബിത
അബുൽ ഹസൻ അലി
നജ്മ ഹിബത്തുല്ല, മഹാ
ലിന്റെ പുത്രൻ ജവീദ് ഇ
ക്കിസ്ഥാനിലെ റിസർച്ച്
ഡയറക്ടർ മുഹമ്മദ് അ
ഖി തുടങ്ങി നിരവധി കേന്ദ്ര
തികളുമായി ബന്ധം സ
ഞ്ഞിരിക്കുന്നു.

തന്നെ ഉള്ളഴിഞ്ഞ് അ
യും സ്നേഹം നൽകുക
ചരിത്രകാരനായ എം.ജി.
ണനെ വിസ്മരിക്കാൻ ക
യാറില്ല.

തിരക്കിനിടയിൽ വീട്ടി
ഷെ അപൂർവമായേ കാ
എഴുതാനിരുന്നാൽ ഗാഢ
തന്നെ. ആ സമയത്ത് മ
യില്ല. സ്വസ്ഥമായി ഇരു
ചരിത്രാന്വേഷണത്തിന് ദ
ട്ടിൽനിന്ന് മാറിനിൽക്കേ

ആദ്യ ഭാര്യ മാത്തി
1986-ൽ മരണപ്പെട്ടു.
കോളെജ് ഹിസ്റ്ററി അധ്യ
മദ് അബ്ദുസ്സത്താർ, മു
ദുൽ ജബ്ബാർ, സുബൈദ,
എന്നിവർ മക്കളാണ്. വി.
ഭാര്യ. മകൾ മാജിദ.